(ബി) ഇത് വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ;

(സി) എങ്കിൽ അത് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥാപനങ്ങളിൽ നിന്നുള്ള 5 ലക്ഷത്തിൽ കുറയാത്ത നിക്ഷേപങ്ങൾക്കും 10,000 രൂപയിൽ കുറയാത്ത സ്കൂൾ സഞ്ചയിക നിക്ഷേപങ്ങൾക്കും ക്യാഷ് ഇൻസെന്റീവ് നൽകി വരുന്നു. സ്ഥാപനങ്ങൾക്ക് 2% മുതൽ 6% വരെയും, സ്കൂൾ സഞ്ചയികാ നിക്ഷേപങ്ങൾക്ക് 1.5% ക്യാഷ് ഇൻസെന്റീവ് നൽകി വരുന്നു. വ്യക്തിഗത നിക്ഷേപങ്ങൾക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം പരിശോധനയിലാണ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

സ്റ്റോർസ് പർച്ചേസ് നിയമം

14 [4752] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റോർസ് പർച്ചേസ് നിയമം പ്രാബല്യത്തിൽ വന്നതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയമത്തിൽ ഏതെല്ലാം വകുപ്പുകൾക്കുള്ള ഭേദഗതികളാണ് ഇന്നേവരെ നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഈ നിയമം ഏറ്റവും ഒടുവിലായി പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ നിയമപരിഷ്കരണം പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നിയമം ലംഘിക്കപ്പെട്ടതിന്റെ പേരിൽ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1963-ൽ ആണ് കേരള സ്റ്റോർസ് പർച്ചേസ് നിയമം നിലവിൽ വന്നത്.

(ബി) ഒരു പ്രത്യേക വകുപ്പിന് മാത്രമായി സ്റ്റോർസ് പർച്ചേസ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല.

(സി) ഇതുവരെ പരിഷ്ക്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) ഉണ്ട്. സ്റ്റോർസ് പർച്ചേസ് വകുപ്പിൽ പ്രസ്തുത നിയമ പരിഷ്ക്കരണം നടന്നുകൊണ്ടിരിക്കുകയാണ്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സർക്കാർ ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ആകെ 141 ഓഫീസുകളിൽ സ്റ്റോർസ് പർച്ചേസ് വകുപ്പിലെ പരിശോധനാ വിഭാഗം പർച്ചേസ് സംബന്ധമായ ഫയലുകൾ പരിശോധന നടത്തിയിട്ടുണ്ട്. പർച്ചേസ് നിയമങ്ങൾ ലംഘിക്കപ്പെട്ടതിന്റെ പേരിലും അതുമൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം തിട്ടപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കാനും ഉചിതമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുവാനും വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഭരണവകുപ്പിന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതാത് ഭരണവകുപ്പുകളാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്.

## നികുതി വർദ്ധനയ്ക്ക് ആനുപാതികമായി ലഭിക്കുന്ന നികുതി വരവ്

15 [4753] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലകളിലെ ഏതെല്ലാം നികുതികളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ മേഖലയിലും മുമ്പ് എത്ര നികുതിയായിരുന്നു ഉണ്ടായിരുന്നത് എന്നും വർദ്ധിപ്പിച്ചത് എത്ര ശതമാനമാണ് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(സി) വർദ്ധിപ്പിച്ച നികുതിക്ക് ആനുപാതികമായി നികുതി വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് ഓരോ മേഖലയിലും ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) വില്പന നികുതി മേഖലയിലും പ്രവേശന നികുതി മേഖലയിലും ഏതാനും സാധനങ്ങളുടെ നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി നിരക്ക് അനുബന്ധമായി സമർപ്പിക്കുന്നു. †

(ബി) വിവരങ്ങൾ അനുബന്ധമായി സമർപ്പിക്കുന്നു. †

(സി) സർക്കാരിന്റെ മൊത്തത്തിലുള്ള നികുതി വരവിൽ 21% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളിൽ മാത്രമായി 17% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly